ശ്രീ. പി. രാമുണ്ണിക്കറുപ്പ് : ഗവണ്മെന്റ വനങ്ങളിൽനിന്നും മരം മുറിക്കുന്നതിനാണ് കേസ്സ് ചാർജ്ജ ചെയ്തിട്ടുള്ളതെന്ന പറഞ്ഞു. എന്നാൽ മലബാറിലെ സ്വകാര്യവനങ്ങളിൽനിന്നും മരം മുറിക്കുന്നതിനെപ്പറ്റി കേസ്സെടുക്കുന്നുണ്ടോ ?

ശ്രീ. കെ. സി. ജാർജ്ജ് : നിയമവിരുദ്ധമായി മരം വെട്ടിയിട്ടുള്ള ആളുകളുടെ മേൽ കേസ്സെടുത്തിട്ടുണ്ട്.

ശ്രീ. പി. ആർ ഫ്രാൻസിസ് : സാധാരണയായി കാട്ടിൽ വിറകു് ശേഖരിക്കുന്ന സ്ത്രീകളുടെ പേരിൽ കേസ്സെടുത്തിരിക്കുന്നതു് വളരെ കഷ്ടമായിട്ടുള്ളതാണെന്നു ഗവണ്മെന്റ മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. കെ. സി ജാർജ്ജ് : വനംനിയമം ലംഘിക്കുന്ന ആരുടെ പേരിലും കേസ്സെടുക്കുന്നതാണ്. പക്ഷെ അതു ദാക്ഷിണ്യമായി തീരുമാനിക്കണമെന്നാണെങ്കിൽ അതു് ആലോചിക്കേണ്ട കാര്യമാണ്.

ശ്രീ. പി. ആർ. ഫ്രാൻസിസ് : ഇതേവരെ അവക്കു് ചെറിയ ലൈസൻസ് കൊടുത്തുവന്നിരുന്നോ ?

ശ്രീ. കെ. സി. ജാർജ്ജ് : ചെറിയ ലൈസൻസ് ഇപ്പോഴും കൊടുക്കുന്നുണ്ട്.

തെങ്ങുകൃഷി.

* 1451. [7] ശ്രീ. ആർ. ജനാർദ്ദനൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1958-59-ൽ എത്ര ടൺ കൊപ്രാ സിലോണിൽനിന്നും ഈ സംസ്ഥാനത്തിൽ ഇറക്കുമതി ചെയ്തിട്ടുണ്ട് ; അതിനു് എത്ര തുക വിലയായിട്ടുണ്ട് ;

(ബി) തെങ്ങുകൃഷി വർദ്ധിപ്പിക്കുന്നതിനും, അഭിവൃദ്ധിപ്പെടുത്തുന്നതിനും ഗവണ്മെന്റിനു് ഏതെങ്കിലും പദ്ധതിയുണ്ടോ ; ഉണ്ടെങ്കിൽ അതെന്താണ് ;

(സി) ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ഫലമായി കൂടുതൽ എത്ര ഏക്കർ സ്ഥലത്തു് തെങ്ങുകൃഷി വർദ്ധിച്ചിട്ടുണ്ട് ?

നിയമവകുപ്പുമന്ത്രി (ശ്രീ. വി. ആർ. കൃഷ്ണയ്യർ) :

(എ) 1958-59-ൽ ഈ സംസ്ഥാനത്തു് ഇറക്കുമതിചെയ്ത സിലോൺ കൊപ്രായെക്കുറിച്ചുള്ള പൂർണ്ണവിവരങ്ങൾ ലഭിച്ചിട്ടില്ല. ഉള്ളതു വിവരങ്ങൾ താഴെ കൊടുക്കുന്നു.

കൊച്ചി 1,858 ടൺ. ഇതൊരു നിണ്ട സ്റ്റോറുമെൻറാണ്. മേശപ്പുറത്തു വയ്ക്കാം.*

(ബി) തെങ്ങുകൃഷി വർദ്ധിപ്പിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനുമായി താഴെ പറയുന്ന പദ്ധതികളും ഈ സംസ്ഥാനത്തിൽ നിലവിലുണ്ട്. ഒന്നു് മാതൃകാകൃഷിത്തോട്ടങ്ങൾ സ്ഥാപിക്കുക, നല്ലയിനം തെങ്ങിൻതൈകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക, തെങ്ങുരോഗനിവാരണത്തിനുള്ള മരുന്നുതളി നടത്തുക, സംസ്ഥാനത്തു നിലവിലുള്ള 15 തെങ്ങിൻതൈ ഉൽപ്പാദനകേന്ദ്രങ്ങളിൽനിന്നും രണ്ടുലക്ഷത്തോളം തെങ്ങിൻതൈകൾ

* Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

വിതരണം ചെയ്യുവരുന്നുണ്ട്. തൻമൂലം മൂവായിരം ഏക്കർ തെങ്ങിൻകൃഷി വർദ്ധിപ്പിക്കുവാൻ സാധിക്കുന്നുണ്ട്. കൂടാതെ 234 മാതൃകാകൃഷിത്തോട്ടങ്ങളും തുടങ്ങുന്നതും, മരുന്നുതളി കാര്യക്ഷമമായി നടത്തുന്നതും, തെങ്ങുകൃഷി വികസിപ്പിക്കുന്നതിനു് സഹായകമാണു്. കായൽ നിലങ്ങളും നികത്തി തെങ്ങുകൃഷി വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതയെപ്പറ്റിയും അന്വേഷിച്ചുവരുന്നുണ്ടു്.

(സി) സംസ്ഥാനത്തു ശേഖരിച്ചിട്ടുള്ള സ്ഥിതിവിവരക്കണക്കുകളിൽ നിന്നും ഒന്നാം പഞ്ചവത്സരപദ്ധതിയുടെ ഫലമായി 48,000 ഏക്കർ സ്ഥലത്തു തെങ്ങുകൃഷി വർദ്ധിപ്പിച്ചിട്ടുണ്ടു്.

ശ്രീ. ആർ. ജനാർദ്ദനൻ നായർ : തെങ്ങുകൃഷിക്കാവശ്യമായ വളം വിതരണം ചെയ്യുന്നില്ല എന്നുള്ള കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ശ്രദ്ധയിൽപ്പെട്ടതായി ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ശ്രദ്ധിക്കാം.

ശ്രീ. കെ. എം. ജോർജ്ജു് : ഇപ്പോൾ കൃഷി ഡിപ്പാർട്ടുമെൻറിൽ നിയമിച്ചിട്ടുള്ള വിദഗ്ദ്ധൻ ശ്രീമാൻ എസ്സു്. വി. കൃഷ്ണസ്വാമിയുടെ അടുത്തു കൂടുതലായി തെങ്ങുകൃഷി വർദ്ധിപ്പിക്കാൻ ഒരു പദ്ധതി ആവശ്യപ്പെടാൻ ഗവണ്മെൻറിനു് ഭയമുണ്ടോകുമോ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ബഹുമാനപ്പെട്ട മെമ്പർ ഈ അഭിപ്രായം ഇങ്ങനെ പറഞ്ഞതു പരിഗണിക്കാം. പക്ഷെ അദ്ദേഹത്തിൻെറ ഉദ്യോഗനിയമനത്തിൻെറ ഉദ്ദേശം തീരെ വിപരീതമായ ഒന്നാണു്. അതുകൊണ്ടു് അദ്ദേഹത്തോടു് തെങ്ങുകൃഷിയെപ്പറ്റിയോ, മറ്റൊരു കൃഷിയേപ്പറ്റിയോ ആലോചിക്കാൻ നിവൃത്തിയില്ല.

ശ്രീ. കെ. എം. ജോർജ്ജു് : അദ്ദേഹം തെങ്ങുകൃഷിയിൽ ഒരു വിദഗ്ദ്ധൻ ആണെന്നാണു് അറിവു്.

ശ്രീ. വി. ആർ. കൃഷ്ണയ്യർ : തെങ്ങുകൃഷിയെപ്പറ്റി വിദഗ്ദ്ധനാണെന്നു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അസംബ്ലിയുടെ വേനൽക്കാലസമ്മേളനം.

* 1452. [8] ശ്രീ. എം. ഗോപാലൻകുട്ടി നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്രാസു് അസംബ്ലിയുടെ വേനൽക്കാലസമ്മേളനം ഊട്ടിയിൽ വച്ചു നടത്തുവാൻ തീരുമാനിച്ചതുപോലെ ഈ സ്റ്റേറ്റു അസംബ്ലിയുടെ വേനൽക്കാലസമ്മേളനം തലസ്ഥാനനഗരിക്കു് പുറത്തു് ഏതെങ്കിലും പട്ടണത്തിൽ വച്ചു നടത്തണമെന്നു് ബഹുമാനപ്പെട്ട സ്പീക്കരോടു് അപേക്ഷിക്കുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെവച്ചു നടത്തുവാനാണു് ഉദ്ദേശിക്കുന്നതു്;

(സി) കേരള അസംബ്ലിയുടെ ഒരു ദിവസത്തെ സമ്മേളനത്തിനു് ശരാശരി എത്ര രൂപ ചെലവു വരുന്നുണ്ടു്?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ)

(എ) ഉദ്ദേശമില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ദിനംപ്രതി 1,371 രൂപാ.

LIBRARY ARCHIVES Kerala Legislative Assembly